തസ്തികയ്ക്ക് 18740-33680 രൂപ ശമ്പള നിരക്കിന്റെ പരിഷ്കരിച്ച നിരക്കായ 37500-75600 രൂപ ശമ്പള നിരക്കുമാണ് ശുപാർശ ചെയ്തിട്ടുള്ളത്. മേൽ ശിപാർശ നടപ്പിലായാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർ/സീനിയർ സൂപ്രണ്ട് തസ്തികകളുടെ താഴെയുള്ള തസ്തികയായി മാറുന്നതാണ്. ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത 114 ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ അനുവദിക്കണം എന്നാവശ്യപ്പെട്ട് 40 ഗ്രാമപഞ്ചായത്തുകൾ പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമാണെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. 114 ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് സെക്രട്ടറി തസ്തിക അനുവദിക്കണമെന്നതാണ് പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം.

ജനപ്രതിനിധികൾക്കും മുൻഅംഗങ്ങൾക്കും ക്ഷേമപദ്ധതി

179 (5532) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും മുൻ അംഗങ്ങൾക്കുമായി എന്തെങ്കിലും ക്ഷേമപദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(ബി) തദ്ദേസ്വയംഭരണ സ്ഥാപനങ്ങിലെ ജനപ്രതിനിധികളുടെ അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ; ജനപ്രതിനിധികൾക്ക് പെൻഷൻ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. ജനപ്രതിനിധികൾക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

മിഷൻ 676

180 (5533) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ വികസന മുന്നേറ്റം ലക്ഷ്യം വച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിൽ വരുത്തി എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly